# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 918   10.02.2016 -ലെ മറുപടിക്ക്.

## കാഷ്യൂ വർക്കേഴ്സിനു വേണ്ടി ട്രേഡ് യൂണിയൻ നേതാക്കൾ സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.ഗുരുദാസൻ :** | **ശ്രീ. ഷിബു ബേബി ജോൺ**<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) കേരള കാഷ്യൂ വർക്കേഴ്സ് സെന്റർ (സി. ഐ. റ്റി. യു) -ന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിനു മുമ്പിൽ നടത്തിയ നിരാഹാര സമരത്തിന്റെ ഭാഗമായി ട്രേഡ് യൂണിയൻ നേതാക്കളുടെ യോഗത്തിൽ ഉണ്ടാക്കിയ ഒത്ത്തീർപ്പ് വ്യവസ്ഥകൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br><br>(ബി)ഏതെല്ലാം ഒത്തുതീർപ്പ വ്യവസ്ഥകൾ അംഗീകരിച്ച്,നടപ്പിലാക്കി എന്നറിയിക്കാമോ; | (എ) & (ബി) കശുവണ്ടി കോർപ്പറേഷൻ ഫാക്ടറികൾ അടഞ്ഞുകിടക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 04/12/2015-ന് ബഹു: തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി വിളിച്ച യോഗത്തിന്റെ പ്രസക്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.<br>• ഒരാഴ്ചയ്ക്കുള്ളിൽ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെ കശുവണ്ടി വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായി നിയമിക്കും.<br>• കശുവണ്ടി വികസന കോർപ്പറേഷന്റെ പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ ഒരു മാസത്തിനകം തുറക്കുന്നതിന് നടപടി സ്വീകരിക്കും.<br>• സർക്കാർ ധനസഹായം ലഭിക്കുന്ന മുറയ്ക്ക് തൊഴിലാളി കളുടെ ഇ.എസ്.ഐ., ജി.പി.എഫ്, ഗ്രാറ്റുവിറ്റി കുടിശ്ശികകൾ തീർപ്പാക്കും. ഇതിനായി കശുവണ്ടികോർപ്പറേഷന് എം.ഡി.യേയും ചെയർമാനേയും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.<br>• കോർപ്പറേഷന് സർക്കാർ ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (സി)കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികൾ തുറന്നു പ്രവർത്തിക്കാൻ നിശ്ചയിച്ച തീയതി കഴിഞ്ഞിട്ടും നാളിതുവരെ | (സി) & (ഡി) കശുവണ്ടി വികസന കോർപ്പറേഷന് ഈ വർഷം അനുവദിച്ചിരുന്ന ബഡ്ജറ്റ് വിഹിതമായ 30 കോടി രൂപ 2015 |

| | |
|---|---|
| ഫാക്ടറികൾ പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ലാത്തതിന്റെ കാരണം വിശദമാക്കുമോ; | ഓണത്തിനുമുമ്പ് തന്നെ അനുവദിച്ച് നൽകിയിരുന്നു. എന്നാൽ 2015 സെപ്തംബറിനു ശേഷം ഫാക്ടറികൾ തുറന്നു പ്രവർത്തിക്കാതിരുന്നതിനാൽ സർക്കാർ വിഷയം പരിശോധിക്കുകയും 2010-ൽ പിരിഞ്ഞു പോയ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിന് 9.7 കോടി രൂപയും 2014 ഡിസംബർ വരെയുള്ള ഇ.പി.എഫ് ഭാഗികമായി അടയ്ക്കുന്നതിന് 6.6 കോടി രൂപയും ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ വേണ്ടി പ്രവർത്തന മൂലധനമായി 13.7 കോടി രൂപയും അടക്കം ആകെ 30 കോടി രൂപ 2016 ജനുവരിയിൽ അനുവദിച്ച് നൽകി. ആയത് ഉപയോഗിച്ച് ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാനുള്ള ശ്രമത്തിലാണ് കശുവണ്ടി വികസന കോർപ്പറേഷൻ. |
| (ഡി) കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച് നിലപാട് വിശദമാക്കുമോ; | |
| (ഇ) സ്വകാര്യ മുതലാളിമാരുടെ വ്യവസായ സ്ഥാപനങ്ങളിൽ നടക്കുന്നതായി പറയപ്പെടുന്ന തൊഴിൽനിയമ ലംഘനങ്ങൾ തടയുന്നതിന് നടപടി സ്വീകരിയ്ക്കുമോ? | (ഇ)സ്വകാര്യ വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽ നിയമലംഘനങ്ങൾ നടക്കുന്നത് സംബന്ധിച്ച് പരാതി ലഭിച്ച കേസുകളിൽ ജില്ലാ ലേബർ ഓഫീസർമാരോട് അന്വേഷണം നടത്തി അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സമയബന്ധിതമായി പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള വ്യവസ്ഥകൾ പിലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ ഏകോപിപ്പിച്ച് കാഷ്യൂ സ്പെഷ്യൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നുണ്ട്. |

Deepa

സെക്ഷൻ ഓഫീസർ